# ബന്ധങ്ങളുടെ ആഴവും പരപ്പും

## മത്തായി 16:13-19

---

ജീവിതത്തിൽ പലപ്പോഴും നമ്മൾ നമ്മളോട് തന്നെ ചോദിക്കാറുണ്ട്. നാം ആരാണ്?...അല്ലെങ്കിൽ മനുഷ്യൻ ആരാണ്? അവൻ എന്തിനു ജീവിക്കുന്നു?.. അവൻ എവിടെ നിന്ന് വരുന്നു?... എങ്ങോട്ട് പോകുന്നു?.. എന്നൊക്കെ...മനുഷ്യന്റെ ആത്യന്തികമായ ചോദ്യവും ഉത്തരവും അവൻ തന്നെ ആണ്. അവനെപറ്റി ആണ്.

ഇനിയും ചിലരെങ്കിലും തങ്ങളെപറ്റി മറ്റുള്ളവരോട് ചോദിക്കും. അവർ എങ്ങനെ ആണ്. അവരുടെ പ്രവർത്തികൾ എങ്ങനെയാണ് അവർ കാണുന്നത്. എന്തെങ്കിലും കുറവുകളോ പ്രശ്നങ്ങളോ നികത്തുവാൻ ഉണ്ടോ എന്നൊക്കെ. ഇത് തന്റെയും മറ്റുള്ളവരുടെയും വളർച്ചക്കും ഉന്നമനത്തിനും നല്ലതാണ്. തന്റെ ജീവിതത്തെകുറിച്ച് മറ്റുള്ളവരുടെ അഭിപ്രായം അറിയുവാനും അത് അനുസരിച്ച് തിരുത്തുവാനും നല്ല നേതാക്കന്മാർ തയ്യാറാക്കും. ഏതാണ്ട് ഇതുപോലെ, യേശുവും തന്നെപറ്റിയുള്ള അഭിപ്രായം മറ്റുള്ളവരോട് അതായത് ശിഷ്യന്മാരോട് ചോദിക്കുകയാണ്.

“മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്?” (മത്താ. 16.13). യേശു എല്ലാ ശിഷ്യന്മാരുടേയും അവരുടെ ചെവികളിൽ എല്ലാം യേശുവിനെക്കുറിച്ച് മറ്റു ജനങ്ങൾ പറഞ്ഞതും കേട്ടതും എല്ലാം അവൻ ചോദിച്ചു മനസ്സിലാക്കുകയാണ്. അവർ പറഞ്ഞു “എശായാ എന്നും സ്നാപക യോഹന്നാൻ എന്നും ജെറമിയ എന്നും ഒക്കെ പറയുന്നു എന്ന്”. എന്നാൽ യേശു വീണ്ടും അവരോടു ചോദിക്കുകയാണ്; താൻ ആരാണ് എന്നുള്ള ചോദ്യം. “താൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്?” മത്താ. 16.16.

ഈ ചോദ്യത്തിന്റെ അർഥം എന്താണ്? സ്വന്തം അസ്ഥിതം അറിയാതെയാണോ ഈശോ തമ്പുരാൻ തന്റെ ദ ൌത്യം ചെയ്തുകൊണ്ടിരിക്കുന്നത് അഥവാ താൻ ആരാണ് എന്ന് മനസ്സിലാകുവാൻ അവിടുത്തേക്ക് മറ്റുള്ളവരുടെ അഭിപ്രായം ആവശ്യമോ?

വചനം ആഴത്തിൽ ചിന്തിച്ചാൽ മനസ്സിലാകും, യേശു ഈ ചോദ്യം ചോദിക്കുന്നത് ശിഷ്യരോട് ആണ്. താൻ ആരാണ് എന്ന് മനസ്സിലാകുവാൻ അവർക്ക് സാധിച്ചോ എന്നാണ് അവിടുത്തേക്ക് അറിയേണ്ടത്. എന്നാൽ ഇവിടെ എപ്പോളും എടുത്തു ചാട്ടക്കാരനായ പത്രോസ് വിളിച്ചു പറയുന്നു “നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്”.

പത്രോസ് ഈ ഉത്തരം പറയാതെ ഇരുന്നിരുന്നുവെങ്കിൽ എന്തായിരിക്കും ആ സമയത്തെ മറ്റുള്ള ശിഷ്യന്മാരുടെ പ്രതികരണം? മറ്റു മനുഷ്യർ എന്തൊക്കെ അവനെക്കുറിച്ച് പറഞ്ഞോ അതൊക്കെ അവർ ആവർത്തിച്ചേനെ. അല്ലെങ്ങിൽ അവിടുന്ന് മനസ്സിൽ കാണാത്ത പല ഉത്തരങ്ങളും ശിഷ്യർ അവനായി കണ്ടു പിടിച്ചേനെ.

ശിഷ്യർ ആദ്യം പറഞ്ഞത് അവർ കേട്ട യേശുവിനെ പറ്റിയുള്ള ഉത്തരങ്ങൾ ആണ്. അത് അവരുടേത് ആയിരുന്നില്ല അതുപോലെ തന്നെ ആ യഹൂദജനതയുടെ ഉത്തരങ്ങൾ ആഴത്തിൽ യേശുവിന്റെ ദൈവീകതയെയും മാനുഷീകതയെയും വിവരിക്കുന്നതും ആയിരുന്നില്ല എന്ന് വേണമെങ്കിൽ പറയാം. എന്നാൽ യേശുവിനോടൊപ്പം നടക്കുകയും അവിടുത്തോടൊപ്പം ഭക്ഷണം കഴിക്കുകയും ചെയ്ത ശിഷ്യർ എപ്രകാരം അവിടുത്തെകുറിച്ച് പറയുന്നു എന്നത് വളരെ പ്രധാനപെട്ട ഒരു കാര്യം ആണ്. അതാണ് പത്രോസ്സിലൂടെ സുവിശേഷകൻ വ്യക്തമാക്കുന്നത്. പത്രോസ് വിളിച്ചു പറഞ്ഞത് അവൻ അല്ലെങ്കിൽ അവർ അടുത്ത് അറിഞ്ഞുകൊണ്ടിരിക്കുന്ന ക്രിസ്തുവിനെ ആണ്. ആ ഉത്തരത്തിന് ആഴവും പരപ്പും ഉണ്ട്. എന്ന് പറഞ്ഞാൽ അത് ക്രിസ്തുവിന്റെ വ്യക്തിതം മുഴുവൻ അടങ്ങുന്ന ഒരു പ്രസ്താവന ആയിരിരുന്നു. അപ്രകാരം പറയാൻ പത്രോസ്സിനു കഴിഞ്ഞതിനാൽ യേശു അവനെ പ്രശംസിക്കുന്നു.

നാം പലരുടെയും ചങ്ങാത്തം നമ്മുടെ ജീവിത കാലഘട്ടത്തിൽസ്വീകരിക്കുന്നു. സോഷ്യൽ മീഡിയ ചങ്ങാത്തവും മറ്റു തരത്തിലുള്ള ചങ്ങാത്തങ്ങളുടെയും കാലത്താണ് നാം ജീവിക്കുനത്. ഏതു തരത്തിലുള്ള ബന്ധങ്ങളിലും വേണ്ടത് ആഴത്തിൽ അപരനെ അറിയുവാനുള്ള താല്പര്യം ആണ്. വ്യക്തികളെകുറിച്ചുള്ള കുറഞ്ഞ അറിവ് അപകടവും ആണ്. അതിനാൽ കഴിയുന്നിടത്തോളം സ്നേഹിക്കുന്നവരുടെ അല്ലെങ്കിൽ സഹയാത്രികന്റെ വസ്തുതകൾ മനസ്സിലാക്കുന്നത് നല്ല ബന്ധത്തിന്റെ ലക്ഷണം ആണ്. അത് ഒത്തിരിയേറെ ബന്ധത്തിന്റെ കെട്ടുറപ്പിനും വളർച്ചക്കും കാരണം ആകും.

നമ്മുടെ വ്യക്തി ജീവിതത്തിൽ നാം ക്രിസ്തുവിനെ എങ്ങനെ മനസ്സിലാകുന്നു എന്നതാണ് പ്രധാനം. കുഞ്ഞു നാളിൽ നമ്മുടെ അമ്മയും മുതിർന്നവരും വേദോപദേശഅധ്യാപകരും പറഞ്ഞു തന്നതിൽ കവിഞ്ഞു വ്യക്തിപരമായി എനിക്ക് എന്താണ് എന്റെ കർത്താവിനെ കുറിച്ച് അറിയാവുന്നത് പറയാൻ ഉള്ളത് എന്നാ വസ്തുത എന്റെ ക്രിസ്തു-ശിഷ്യ ബന്ധത്തെ ആണ് ചൂണ്ടികാണിക്കുന്നത്. ക്രിസ്തുവിനെ ആഴത്തിൽ നമ്മുടെ കർത്താവും ദൈവവും ആയി ഏറ്റുപറയാൻ നമുക്ക് സാധിക്കണം. അതാണല്ലോ നമ്മുടെ വിശ്വാസത്തിന്റ പിതാവായ തോമസ്ശ്ലീഹ നമ്മെ പഠിപ്പിച്ചതും. മറ്റുള്ളവർ എന്ത് പറയുന്നു എന്നതിൽ അല്ല നീ എന്താണ് ക്രിസ്തുവിനെ കുറച്ചു പറയുന്നത്. അവൻ നിനക്ക് വ്യക്തിപരമായി ആരാണ് എന്നതാണ് ഇന്നത്തെ ക്രിസ്തീയ ജീവിതത്തിനു ആവശ്യം. അതാണല്ലോ യഥാർത്ഥ "ക്രിസ്തിയനി"യുടെ – ക്രിസ്തുവിന്റെ അനുയായിയുടെ" ലക്ഷണവും. കർത്താവുമായി ആഴത്തിൽ ഉള്ള ഒരു ബന്ധം സ്ഥാപിച്ചു കൊണ്ട് അവിടുത്തെ നമ്മുടെ കർത്താവും ദൈവവും ആയി പ്രഘോഷിക്കുവാൻ പള്ളിക്കൂദാശ കാലത്തിലേക്ക് കടന്നിരിക്കുന്ന നമുക്ക് പ്രാർഥിക്കാം.